**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6269** **17-03-2023 - ൽ മറുപടിയ്ക്ക്**

**യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 31 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 14 ജില്ലകളിലായി **14** പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്.<br><br>ടി സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ചും, സഹകരണ അക്കൗണ്ടിംഗ് രീതികളെ സംബന്ധിച്ചുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നിശ്ചിത ഇടവേളകളിൽ ടി സംഘങ്ങളുടെ അവലോകന യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ നോഡൽ ആഫീസർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തി വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ യൂത്ത് എംപവർമെന്റ് ആന്റ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 3341 എന്ന സംഘം കോഴിക്കോട് ജില്ലയിൽ ബേപ്പൂർ എന്ന സ്ഥലത്ത് സർഫിംഗ് സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | യുവ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ? | (സി) | യുവ സഹകരണ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് സർക്കാർ ധനസഹായമായി ആദ്യഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി രജിസ്റ്റർ ചെയ്ത യുവസഹകരണ സംഘങ്ങൾക്ക് ഒരു സംഘത്തിന് **10** ലക്ഷം രൂപ വീതം നൽകുന്നതിന് സർക്കാർ **3** കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ